compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജനുവരി 13
Tuesday, 13th January 2026

1201 ധനു 29
29th Dhanu 1201

1947 പൌഷം 23
23rd Pousha 1947

വാല്യം 15
Vol. XV

നമ്പർ / **No.** 2

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ അനിത പി, ഡെപ്യൂട്ടി ഡയറക്ടർ)

നം. DDPTA/32/2022-C/കെ.ഡിസ് 07-01-2026

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട - അന്ത്യാളൻകാവ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 159 (ഡി) ആപ്കോസ്- സമാപ്തീകരണം- 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ഈ ഓഫീസിലെ 23/02/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

(2) ഇലന്തൂർ ഡയറി ഫാം ഇൻസ്ട്രക്ടർ ബി യൂണിറ്റിന്റെ 16/12/2025 തീയതിയിലെ 153/2023 നമ്പർ റിപ്പോർട്ട്.

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്കിൽ ചെറുകോൽ ഗ്രാമ പഞ്ചായത്തിലെ 4, 8 വാർഡുകൾ പ്രവർത്തന പരിധിയായി 17/07/2003 തീയതിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച അന്ത്യാളൻകാവ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 159 (ഡി) ആപ്കോസ് വളരെ വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ടി സംഘം സമാപ്തീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ഇലന്തൂർ ഡയറി ഫാം ഇൻസ്ട്രക്ടർ ബി യൂണിറ്റിനെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ചിരുന്നു.

സംഘത്തിന് വിലപിടിപ്പുള്ളതോ വില്പനയിലൂടെ ധനം ആർജ്ജിക്കാവുന്നതോ ആയ വസ്തുക്കൾ ഒന്നും തന്നെയില്ലാത്തതും റിക്കോർഡുകൾ, ആസ്തി ബാധ്യത എന്നിവ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭ്യമല്ലാത്തതുമാകുന്നു. സംഘവുമായി ബന്ധപ്പെട്ട് ബാധ്യതകൾ ഉള്ള പക്ഷം ആയത് ബോധിപ്പിക്കുന്നതിനായി നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ടി നോട്ടീസിന് യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

അന്ത്യാളൻകാവ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 159 (ഡി) ആപ്കോസുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ 16/02/2008 തീയതിയിൽ CC/040008/2008 നമ്പരിൽ ചീഫ് പ്രൊമോട്ടർക്കെതിരായി കേസ് ഫയൽ ചെയ്യപ്പെട്ടിരുന്നു. ടി കേസ് നിലനിൽക്കെ സമാപ്തീകരണ നടപടികൾ പൂർത്തികരിക്കുന്നതിന് തടസ്സം ഇല്ല എന്ന് ഗവൺമെന്റ് പ്ലീഡർ 26/07/2025 തീയതിയിലെ 394/25/DGP/PTA നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്.

സംഘം സമാപ്തീകരണം സംബന്ധിച്ച് റ്റി ആർ സി എം പി യൂ, സർക്കിൾ സഹകരണ യൂണിയൻ, കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന കത്തിന്മേൽ ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലാത്തതായും ക്ഷീര കർഷക ക്ഷേമനിധിയിൽ സംഘത്തിന് അംശാദായ കുടിശ്ശിക ഇല്ല എന്ന് ക്ഷീര കർഷക ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുള്ളതായും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം തുറന്ന് പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാലും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനത്തിനുശേഷവും യാതൊരുവിധ അവകാശവാദവും ലഭ്യമല്ലാത്തതിനാലും സംഘത്തിന്റെ ആസ്തി ബാധ്യത സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാത്തതിനാലും അന്തിമ പൊതുയോഗത്തിൽ ആരും പങ്കെടുത്തിട്ടില്ലാത്തതിനാലും സംഘം സമാപ്തീകരിച്ചുകൊണ്ടും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

അന്ത്യാളൻകാവ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 159 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തും സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ഈ കാലാവധിയ്ക്ക് ശേഷം രജിസ്ട്രാറിന്റെ മുൻകൂർ അനുവാദത്തോടു കൂടി നശിപ്പിക്കാവുന്നതുമാണ്.

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, പത്തനംതിട്ട **ഡെപ്യൂട്ടി ഡയറക്ടർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.13 02:48:25 +05:30